# മഹാത്മാഗാന്ധി സർവ്വകലാശാല

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ
ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള
കേന്ദ്രീകൃത അലോട്മെൻറ് - 2018

# പ്രോസ്പെക്ടസിലെ പ്രധാന വകുപ്പുകളുടെ സംക്ഷിപ്ത മലയാള രൂപം

ഇംഗ്ലീഷിലുള്ള പ്രോസ്പെക്ടസിലെ ചില പ്രധാന വകുപ്പുകളുടെ പരിഭാഷ മാത്രമാണിത്. മലയാളം പരിഭാഷയുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനത്തിൽ അഭിപ്രായ ഭിന്നത ഉണ്ടാകുന്ന പക്ഷം ഇംഗ്ലീഷിലുള്ള പ്രോസ്പെക്ടസ് ആധികാരികമായി കണക്കാക്കുന്നതാണ്. ഇംഗ്ലീഷിലുള്ള പ്രോസ്പെക്ടസ് **www.cap.mgu.ac.in** എന്ന സൈറ്റിൽ ലഭ്യമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്. ഇൻറർനെറ്റ് ഉപയോഗിച്ച് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഓപ്ഷനുകൾ സ്വീകരിച്ച് അലോട്മെൻറ് നടത്തുന്ന സംവിധാനമാണ് ഇത്. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലും ബിരുദ തലത്തിലുള്ള അക്കാദമിക് പ്രോഗ്രാമുകൾ നടത്തപ്പെടുന്നു. ബിരുദ തലത്തിലുള്ള അക്കാദമിക പ്രോഗ്രാമുകൾ ഗവൺമെൻറ്/എയ്ഡഡ്/സ്വാശ്രയം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഏതാനും എയിഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സുകൾക്ക് പുറമെ സ്വാശ്രയ കോഴ്സുകളും നടത്തപ്പെടുന്നു. (പ്രോസ്പെക്ടസിലെ അനുബന്ധം 2 പരിശോധിക്കുക). **സ്വാശ്രയ പ്രോഗ്രാമുകളിലെ ഫീസ് നിരക്കുകൾ സർക്കാർ/എയ്ഡഡ് കോഴ്സുകളെ അപേക്ഷിച്ച് കൂടുതലായിരിക്കും.**

**സംവരണ തത്വങ്ങൾ**

വികലാംഗർ, സ്പോട്സ്, കൾച്ചറൽ എന്നീ ക്വോട്ടാകളിലെ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനമാഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇങ്ങനെയുള്ള അപേക്ഷകർ ഏകജാലക പ്രവേശനത്തിനായി മേൽപ്പറഞ്ഞ ക്വോട്ടാകളിലല്ലാതെ പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ ഏകജാലകത്തിലൂടെയും അപേക്ഷിക്കേണ്ടതാണ്. **ലക്ഷദ്വീപ് നിവാസികളും** പ്രവേശനത്തിനായി ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോളേജുകളിലെ ഓരോ പ്രോഗ്രാമിലെയും രണ്ടു സീറ്റുകൾ വീതം സ്പോർട്സ് ക്വോട്ടായിലേക്കും ഒരു സീറ്റ് കൾച്ചറൽ ക്വോട്ടായിലേക്കുമായി സംവരണം ചെയ്തിരിക്കുന്നു. **40 ശതമാനത്തിൽ കുറയാതെ** അംഗവൈകല്യമുണ്ടെന്നു ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയവരെ മാത്രമേ വികലാംഗ സംവരണത്തിനു പരിഗണിക്കുകയുള്ളൂ.

**എസ് സി/എസ് റ്റി സംവരണം**

പട്ടികജാതി പട്ടികവർഗ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ തങ്ങളുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് തഹസീൽദാരിൽ നിന്നും വാങ്ങേണ്ടതും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന സമയത്തു സമർപ്പിക്കേണ്ടതുമാണ്.

**എസ് ഇ ബി സി (SEBC) സംവരണം**

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്കും കുടുംബത്തിൻെറ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്ത വരുമാനം 8.0 ലക്ഷം രൂപയിൽ കവിയാത്തവർക്കും മാത്രമേ ഈ ക്വോട്ടായിൽ സംവരണം ലഭിക്കുകയുള്ളൂ. ഇതിലേക്കായി വരുമാന സാക്ഷ്യപത്രം/നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങേണ്ടതും പ്രവേശന സമയത്തു സമർപ്പിക്കേണ്ടതുമാണ്. ആംഗ്ലോ ഇൻഡ്യൻ അല്ലാത്ത ലത്തീൻ കത്തോലിക്ക വിഭാഗത്തിൽ സംവരണം തേടുന്ന അപേക്ഷകർ തങ്ങൾ ആംഗ്ലോ ഇൻഡ്യൻ അല്ലാത്ത ലത്തീൻ വിഭാഗത്തിൽപെടുന്നവരാണെന്നു കാണിക്കുന്ന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിൻെറ പകർപ്പും വരുമാന സർട്ടിഫിക്കറ്റിൻെറ പകർപ്പും സ്വയം സാക്ഷ്യപ്പെടുത്തി പ്രവേശന സമയത്തു സമർപ്പിക്കേണ്ടതാണ്.

**ഇ എഫ് ബി സി സംവരണം**

മുന്നോക്ക സമുദായത്തിലെ ദാരിദ്ര്യ രേഖക്ക് താഴെ നിൽക്കുന്ന കുടുംബങ്ങളിലെ അപേക്ഷാർത്ഥികൾക്ക് സർക്കാർ കോളേജുകളിൽ 10% സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു.പ്രസ്തുത സംവരണ സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ തങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടവരാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവിയിൽ നിന്നും ഹാജരാക്കേണ്ടാതാണ്.

**അപേക്ഷാ ഫീസ്**

പൊതു വിഭാഗത്തിൽപ്പെട്ടവർക്ക്: 660 രൂപ

പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക്: 330 രൂപ

**പ്രവേശന യോഗ്യത**

പ്രോസ്പെക്റ്റസിലെ 5ാം നമ്പർ ഖണ്ഡിക പരിശോധിക്കുക.

**ഏകജാലകം വഴി അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2018-19) അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

**www.cap.mgu.ac.in** എന്ന വെബ്സൈറ്റ് വഴി വ്യക്തിഗത/അക്കാദമിക വിവരങ്ങളും ഓപ്ഷനുകളും സമർപ്പിക്കുന്നതാണ് ആദ്യഘട്ടം.

**ഒന്നാം ഘട്ടം**

1. ക്യാപ്പ് വെബ്സൈറ്റിൽ **(www.cap.mgu.ac.in)** നൽകിയിട്ടുള്ള **'Apply Now'** എന്ന ലിങ്കിൽ 'ക്ലിക്' ചെയ്യുക.
2. തുടർന്ന് 'അക്കൗണ്ട് ക്രിയേഷൻ' പേജിലേക്ക് പോകുക. അപേക്ഷക/ൻെറ പേര്, പാസ്വേഡ്, മൊബൈൽ നം, ഇ മെയിൽ ഐ ഡി, ജനനതീയതി, സംവരണ വിഭാഗം എന്നീ വിവരങ്ങൾ നൽകുക. പാസ്വേഡ് ഇംഗ്ലീഷ് അക്ഷരങ്ങളോ നമ്പറുകളോ ലഭ്യമായ ചിഹ്നങ്ങളോ അതല്ലെങ്കിൽ ഇവ മൂന്നും കൂടി ഉപയോഗിച്ചോ അപേക്ഷകർക്ക് ഇഷ്ടാനുസരണം സൃഷ്ടിക്കാവുന്നതാണ്. അപേക്ഷകർ തങ്ങളുടെ 'പാസ്സ്വേഡ്' രഹസ്യമായി സൂക്ഷിക്കേണ്ടതും പിന്നീട് പ്രവേശന സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ പാസ്വേഡ് ഉപയോഗിക്കേണ്ടതുമാണ്. പാസ്സ് വേഡ് കൈമാറിയോ കൈമോശം വന്നോ അപേക്ഷകൻെറ 'ഹോം പേജിൽ' ആരെങ്കിലും മാറ്റം വരുത്തിയാൽ സർവ്വകലാശാല ആയതിന് ഉത്തരവാദിയായിരിക്കുകയില്ല. ഇങ്ങനെ പരസ്യമാക്കുന്നതിലൂടെയുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും അപേക്ഷക/ൻ തന്നെ ഉത്തരവാദിയായിരിക്കുന്നതാണ്.
3. ഓൺലൈനായി സംക്ഷിപ്ത വ്യക്തിഗത വിവരങ്ങൾ നൽകിയശേഷം ലഭ്യമാകുന്ന ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചു വയ്ക്കുക. ഏകജാലക പ്രവേശനവുമായി ബന്ധപ്പെട്ട് പിന്നീടുള്ള എല്ലാ നടപടിക്രമങ്ങൾക്കും ഈ ആപ്ലിക്കേഷൻ നമ്പർ അപേക്ഷകനുപയോഗിക്കേണ്ടതാണ്.

**രണ്ടാം ഘട്ടം**

4. തുടർന്നു ലഭ്യമാവുന്ന ഓൺലൈൻ പേമെൻറ് ഗേറ്റ് വേ ഉപയോഗിച്ചു ആപ്ലിക്കേഷൻ ഫീ ഒടുക്കുക. ഓൺലൈൻ പേമെൻറ് ഗേറ്റ് വേ ഉപയോഗിച്ചു മാത്രമേ ഫീ ഒടുക്കുവാൻ സാധിക്കുകയുള്ളൂ. ചലാൻ ഉപയോഗിച്ചു ഫീസ് ഒടുക്കാൻ പാടുള്ളതല്ല. ഓൺലൈൻ പേമെൻറ് ഗെറ്റ് വേ വഴി ഫീസ് ഒടുക്കുന്നതിനായി എല്ലാ ബാങ്കുകളുടെയും ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/നെറ്റ് ബാങ്കിങ് എന്നിവ ഉപയോഗിക്കാവുന്നതാണ്.

**മൂന്നാം ഘട്ടം**

5. തുടർന്ന് ഓൺ ലൈൻ ആപ്ലിക്കേഷൻ ഫോമിൽ വ്യക്തിഗത, അക്കാദമിക വിവരങ്ങൾ കൃത്യമായി നൽകുക. നിർദ്ദിഷ്ട പേജിൽ അപേക്ഷകർ തങ്ങൾക്ക് ബാധകമായ വിവരങ്ങൾ കൃത്യമായി നൽകുക.അപേക്ഷകൻ തങ്ങൾക്ക് ബാധകമല്ലാത്ത ഫീൽഡുകളിൽ 'നോട്ട് ആപ്ലിക്കബിൾ' സെലക്ടു ചെയ്യുക
6. തുടർന്ന് നൽകിയ വിവരങ്ങൾ ശരിയാണെന്നുറപ്പു വരുത്തിയ ശേഷം 'സേവ്&നെക്സ്റ്റ് ബട്ടൺ' ക്ലിക്ക് ചെയ്യുക.

**നാലാം ഘട്ടം**

7. തുടർന്ന് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുക.
8. കൂടുതൽ ഓപ്ഷനുകൾ നൽകുന്നതിലേക്ക് 'ആഡ് വൺ മോർ ഓപ്ഷൻ' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. നൽകിയ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യുന്നതിനായി ക്രോസ്സ് അടയാളം 'ക്ലിക്ക്' ചെയ്യുക. നൽകിയ ഓപ്ഷനുകളിൽ പൂർണ്ണമായി മാറ്റം വരുത്തണമെങ്കിൽ 'റീസെറ്റ്' ബട്ടൺ ക്ലിക്ക് ചെയ്യുക
9. നൽകിയ ഓപ്ഷനുകളിൽ രജിസ്റ്റർ ചെയ്യുന്നതിനായി 'സേവ്' ബട്ടൺ ക്ലിക്ക് ചെയ്യുക

**അഞ്ചാം ഘട്ടം**

10. തുടർന്ന് ഫൈനൽ സബ്മിഷൻ പേജിൽ അപേക്ഷൻ നൽകിയ എല്ലാ വിവരങ്ങളും കാണാൻ സാധിക്കുന്നതാണ്. നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും ശരിയാണെന്നുറപ്പു വരുത്തുക. ഏതെങ്കിലും 'എൻട്രി'യിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ എഡിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. യോഗ്യത സംബന്ധിക്കുന്ന സാക്ഷ്യപത്രങ്ങളുമായി ഓൺലൈൻ അപേക്ഷയിൽ നൽകിയ വിവരങ്ങൾ ഒത്തു നോക്കി, നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തിയ ശേഷം 'സബ്മിറ്റ് യുവർ ആപ്ലിക്കേഷൻ' ബട്ടൺ ക്ലിക്ക് ചെയ്യുക.

**ആറാം ഘട്ടം**

11. ഇതിനു ശേഷം കൺഫർമേഷൻ പേജിൻെറ പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുക. അപേക്ഷകനു **'യൂസർ നെയിം' 'പാസ്സ്‌വേഡ്'** എന്നിവ ഉപയോഗിച്ച് തൻെറ ഡിഗ്രി പ്രവേശനം സംബന്ധിച്ച ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തതിനു ശേഷവും നിശ്ചിത തീയതിക്കുള്ളിലും പുനക്രമീകരിക്കാവുന്നതാണ്. **ഓൺലൈനായി നൽകിയ വ്യക്തിഗത/അക്കാദമിക വിവരങ്ങളിൽ തിരുത്തലുകൾ സർവ്വകലാശാല വിജ്ഞാപനം ചെയ്തിട്ടുള്ള ദിവസം വരെ മാത്രം അനുവദനീയമായിരിക്കുന്നതാണ്.**

**ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ അപേക്ഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

അലോട്മെൻറ് ലഭിച്ചാൽ സ്വീകരിക്കുമെന്നു ഉറപ്പുള്ള കോഴ്സുകളിലേക്കും കോളേജുകളിലേക്കും മാത്രം ഓപ്ഷൻ നൽകുക. ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന കോളേജ്, ഡിഗ്രി പ്രോഗ്രാം എന്നിവയുടെ സീറ്റുകൾ പ്രോസ്പെക്ടസിൽ നോക്കി മനസ്സിലാക്കി ഓരോ കോഴ്സുകൾക്കും നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടനയെ സംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും മനസ്സിലാക്കണം. കോളേജുകളിലെ ഹോസ്റ്റൽ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കോളേജുകളിലെ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് പ്രവേശന നിയമങ്ങളും സംവരണ തത്വങ്ങളും പാലിച്ച് അലോട്മെൻറ് നടത്തുന്നത്.

**ട്രയൽ അലോട്മെൻറ്**

അപേക്ഷകർ നൽകിയിട്ടുള്ള ഓപ്ഷനുകളും അവരുടെ റാങ്കും പരിഗണിച്ച് അപേക്ഷകർക്ക് ഓൺ-ലൈൻ അലോട്മെൻറിനെക്കുറിച്ച് ഒരു ധാരണ ലഭിക്കുന്നതിനായി ഒന്നാം അലോട്മെൻറിനു മുൻപായി ട്രയൽ അലോട്മെൻറ് നടത്തുന്നതാണ്. ഇതിനു ശേഷവും അപേക്ഷകർക്ക് ഓപ്ഷനുകൾ പുന:ക്രമീകരിക്കാവുന്നതാണ്.

**ഒന്നാം അലോട്മെൻറ്**

ട്രയൽ അലോട്മൻറ് കഴിഞ്ഞു ഓപ്ഷനുകൾ പുനക്രമീകരിച്ചതിനു ശേഷം വിജ്ഞാപനം ചെയ്ത തീയതിയിൽ ഒന്നാം അലോട്മെൻറ് നടത്തുന്നതും സർവ്വകലാശാല വെബ്സൈറ്റിൽ അലോട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

**അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്മെൻറിൽ സംതൃപ്തനാണെങ്കിൽ മറ്റ് അലോട്മെൻറിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്.** ഇങ്ങനെ റദ്ദു ചെയ്യുന്നില്ലായെങ്കിൽ തുടർന്നുള്ള അലോട്മെൻറുകളിൽ റദ്ദു ചെയ്യപ്പെടാത്ത ഹയർ ഓപ്ഷൻ അനുസരിച്ച് മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിച്ചാൽ പുതിയ അലോട്മെൻറ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. മുൻപു ലഭിച്ച അലോട്മെൻറ് നഷ്ടപ്പെടുകയും ചെയ്യുന്നതാണ്.

ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം അപേക്ഷകർക്ക് തങ്ങളുടെ **'ഹോം പേജിൽ'** നിന്നും അലോട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്മെൻറ് മെമ്മോയിൽ അപേക്ഷകൻെറ വ്യക്തിഗത വിവരങ്ങളും അലോട്മെൻറ് ലഭിച്ച പ്രോഗ്രാം കോളേജ്, ഒടുക്കേണ്ട ഫീസ് എന്നിവ സംബന്ധിച്ച വിവരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്. ***വിജ്ഞാപനം ചെയ്ത തീയതിക്കുള്ളിൽ ഫീസ് ഒടുക്കാത്തവരുടെയും ഫീസ് ഒടുക്കിയ ശേഷം യഥാസമയം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെൻറ് റദ്ദാക്കുന്നതും ടി അപേക്ഷകരെ തുടർന്നുള്ള അലോട്മെൻറുകളിലേക്ക് പരിഗണിക്കുന്നതുമായിരിക്കുന്നതല്ല.*** കോളേജിൽ പ്രവേശനത്തിനു ചെല്ലുമ്പോൾ ആവശ്യമായ അസ്സൽ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

**ഒന്നാം അലോട്മെൻറിനു ശേഷം ഓപ്ഷനുകൾ പുന:ക്രമീകരിക്കാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പുതിയ ഓപ്ഷനുകൾ നൽകാൻ സാധിക്കുന്നതല്ല.**

തുടർന്ന് വിജ്ഞാപനം ചെയ്ത തീയതിയിൽ തുടർ അലോട്മെൻറുകൾ നടത്തുന്നതും മേൽപ്പറഞ്ഞ രീതിയിൽ അലോട്മെൻറ് ലഭിച്ച അപേക്ഷകർ കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ്.

**പ്രവേശനത്തിനായി കോളേജധികൃതർ മുൻപാകെ ഹാജരാക്കേണ്ട രേഖകളും ഫീസും**

1. ഓൺ-ലൈൻ ആയി ലഭിച്ച അലോട്മെൻറ് മെമ്മോ
2. അവസാനം പഠിച്ചിരുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുമുള്ള ടിസിയും സ്വഭാവ സാക്ഷ്യപത്രവും
3. യോഗ്യതാ പരീക്ഷയുടെ എല്ലാ മാർക്ക്ലിസ്റ്റുകളും
4. മൈഗ്രേഷൻ സാക്ഷ്യപത്രം (ബാധകമാണെങ്കിൽ)
5. ജാതി/വരുമാനം തെളിയിക്കുന്ന സാക്ഷ്യപത്രം (ബാധകമാണെങ്കിൽ)
6. എൻ സി സി (എ/ബി/സി) /എൻ എസ് എസ് സാക്ഷ്യപത്രം (ബാധകമാണെങ്കിൽ)
7. മറ്റ് സാക്ഷ്യപത്രങ്ങൾ (കോളേജധികൃതർ ആവശ്യപ്പെടുന്ന പക്ഷം)

***അലോട്മൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്ഥിര പ്രവേശം നേടുന്ന പക്ഷം മാത്രം കോളേജുകളീൽ ഫീസ് ഒടുക്കിയാൽ മതിയാവുന്നതാണ്. എന്നാൽ ഒന്നാം ഓപ്ഷനിൽ അലോട്മെൻറ് ലഭിക്കുന്നവർ ബന്ധപ്പെട്ട കോളേജിൽ ഫീസ് ഒടുക്കി സ്ഥിരപ്രവേശം നേടേണ്ടതാണ്.***

ഹെൽപ് ലൈൻ നമ്പരുകൾ – 9188641784, 9188651784, 04812733369 (പ്രവർത്തി ദിനങ്ങളിൽ 10.30 എ എം മുതൽ 4.30 പി എം വരെ)